**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 167** **12-01-2021 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിൽ പുതിയ ഫയർ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . അബ്ദുൽ ഹമീദ് .പി . | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ ജനസാന്ദ്രതയും വ്യാവസായിക മുന്നേറ്റങ്ങളും പരിണിച്ച് തേഞ്ഞിപ്പലം കേന്ദ്രീകരിച്ച് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | പുതിയ ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പ് മേധാവി തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ തേഞ്ഞിപ്പലം ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത മുൻഗണനാ പട്ടികയിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റി കോമ്പൗണ്ടിൽ ഭൂമിയുടെ ഉടമസ്ഥാവകാശം യൂണിവേഴ്സിറ്റിയിൽ നിലനിർത്തിക്കൊണ്ട് 50 സെന്റ് സ്ഥലം ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാല അധികൃതർ കരട് ധാരണാപത്രം തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; ഇത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | പുതിയ ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പ് മേധാവി തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ തേഞ്ഞിപ്പലം ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത മുൻഗണനാ പട്ടികയിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റി കോമ്പൗണ്ടിൽ ഭൂമിയുടെ ഉടമസ്ഥാവകാശം യൂണിവേഴ്സിറ്റിയിൽ നിലനിർത്തിക്കൊണ്ട് 50 സെന്റ് സ്ഥലം ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാല അധികൃതർ കരട് ധാരണാപത്രം തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ കാലിക്കറ്റ് സർവ്വകലാശാല സ്ഥലം അനുവദിച്ചത് സംബന്ധിച്ച ധാരണപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | പ്രസ്തുത ധാരണാപത്രം ഒപ്പുവച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ